**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠപുസ്തകങ്ങളിൽ ജൻഡർ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വേർതിരിവില്ലാത്ത വിദ്യാഭ്യാസമെന്ന അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് ലിംഗപരമോ സാമൂഹികമോ ആയ വേർതിരിവ് ഉണ്ടാകാൻ പാടില്ലെന്നതിനാൽ സ്കൂൾ പാഠപുസ്തകങ്ങൾ ജൻഡർ ഓഡിറ്റിംഗിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ലിംഗസമത്വം, ലിംഗനീതി, ലിംഗാവബോധം എന്നിവ മുൻനിർത്തി പാഠപുസ്തകങ്ങൾ ജെൻഡർ ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്കൂൾ എന്നത് ലിംഗനീതി നിഷേധമായതിനാൽ ഇത് അവസാനിപ്പിക്കാൻ മുൻകൈ എടുക്കുമോ; | (ബി) | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായിട്ടുള്ള നിലവിലെ സ്കൂളുകൾ മിക്സഡ് സ്കൂളുകളാക്കുന്നത് സ്കൂളുകളുടെ ആവശ്യമനുസരിച്ചായിരിക്കും. മതിയായ അടിസ്ഥാന സൗകര്യങ്ങളുള്ളതും സ്കൂൾ പി.റ്റി.എ.-യുടെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നിർദ്ദേശം എന്നിവ പരിഗണിച്ചായിരിക്കും തീരുമാനമെടുക്കുക. |
| (സി) | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സമത്വബോധം പകരുന്നതും സൗകര്യപ്രദവുമായ യൂണിഫോം തിരഞ്ഞെടുക്കാനുമുള്ള സ്കൂളുകളുടെ അവകാശം അംഗീകരിച്ചത് മതനിരാസത്തിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിലെ വിദ്യാലയങ്ങളിൽ ജെൻഡർ യൂണിഫോം നിർബന്ധപൂർവ്വം നടപ്പിലാക്കു കയില്ല. സ്കൂൾ അധികൃതർ, പി.റ്റിഎ., തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും താൽപര്യത്തിനനുസരിച്ചായിരിക്കും ഇക്കാര്യം നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ